# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4116** **20/03/2018-ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി : | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എത്ര ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നുമുള്ള വിശദാംശം നൽകാമോ ; | (എ) | പാലക്കാട് ജില്ലയിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ താഴെ വിവരിക്കുന്ന 4 ഓഫീസുകൾ നിലവിലുണ്ട്.<br>(i) ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, പാലക്കാട്<br>(ii) സോയിൽ കൺസർവേഷൻ ഓഫീസ്, ഒറ്റപ്പാലം<br>(iii) സോയിൽ കൺസർവേഷൻ ഓഫീസ്, ആലത്തൂർ.<br>(iv) അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് (സോയിൽ സർവ്വെ), പാലക്കാട് |
| (ബി) | പാലക്കാട് ജില്ലയിലുണ്ടായിരുന്ന മണ്ണ് സംരക്ഷണ ജോയിന്റ് ഡയറക്ടർ ഓഫീസും അതിനു കീഴിലുള്ള അഞ്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും എന്നാണ് വയനാട് ജില്ലയിലേയ്ക്ക് മാറ്റി സ്ഥാപിച്ചതെന്നും ഏത് പ്രോജക്ടിന്റെ ഭാഗമാക്കാനാണ് മാറ്റിയതെന്നും വിശദമാക്കാമോ ; | (ബി) | പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കുന്ദാനദീതട പദ്ധതി (RVP,kundah) യുമായി ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ ഓഫീസും, അഞ്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായതിനാൽ വയനാട് ജില്ലയിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ കബനി നദീതട പദ്ധതി (RVP, Kabani)യുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായിട്ടാണ് 1998-99 വർഷം വയനാട് ജില്ലയിലേയ്ക്ക് മാറ്റിയത്. |
| (സി) | പ്രസ്തുത പ്രോജക്ടിന്റെ കാലാവധി തീർന്നുവോ ; എങ്കിൽ എന്ന് ; | (സി) | കേന്ദ്രസർക്കാരിന്റെ 'RVP കബനി പദ്ധതി' യ്ക്കുള്ള ഫണ്ട് 2013 മാർച്ച് മാസത്തോടെ നിർത്തലാക്കിയതിനാൽ കബനി പദ്ധതി പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുന്നു. |

(ഡി) മാറ്റപ്പെട്ട മണ്ണ് സംരക്ഷണ ജോയിന്റ് ഡയറക്ടർ ഓഫീസ് എന്നാണ് പാലക്കാട് ജില്ലയിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

(ഡി) ജോയിന്റ് ഡയറക്ടർ ഓഫീസും അനുബന്ധ ഓഫീസുകളും വിവിധ ജില്ലകളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**